(ബി) ഇങ്ങനെ ചെലവഴിക്കാതെ വരുന്ന തുക ലാപ്സാകാതെ വീണ്ടും ചെലഴിക്കുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) 9-7-2003-ലെ ജി. ഒ.(പി) 381/2003/ഫി എന്ന ഉത്തരവനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് മാസ ഗഡുക്കളായിട്ടാണ് പദ്ധതി വിഹിതം നൽകുന്നത്. അതാത് മാസം തന്നെ ഈ തുക ചെലവഴിക്കണമെന്ന് ഈ ഉത്തരവിൽ വ്യവസ്ഥയില്ല.

(ബി) ഉദിക്കുന്നില്ല.

എസ്. സി./എസ്. ടി. വിഭാഗക്കാർക്കുള്ള വികസന പ്രവർത്തനങ്ങൾ

96 [3485] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതിപ്രകാരം ത്രിതല പഞ്ചായത്തുകളിൽ എസ്. ജി. ആർ. വൈ. സ്കീമിൽ എസ്. സി./എസ്. ടി. വിഭാഗങ്ങൾക്കായി ചെലവഴിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് 51% ഗുണഭോക്താക്കൾ എസ്. സി./ എസ്. ടി. വിഭാഗക്കാരായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇത് പലഭാഗത്തും ലംഘിക്കുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇങ്ങനെ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly